DESPATCHED
On 06/02/ 2020
16. 1. 20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.688(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8777/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി അഖില
D/o ഇന്ദിര,
കണ്ണേറ്റു വീട്,
കോലിയക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,
പാപ്പനംകോട്, തിരുവനന്തപുരം. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,
മാറനല്ലൂർ പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 25/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി അഖില, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും നൽകാതെ പരാമർശിത കേസ് കാട്ടാക്കട ജെ.എഫ്.എം.സി.യുടെ പരിഗണനയിൽ ആയതിനാൽ മറുപടി നൽകാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചത് എന്നും എന്നാൽ ടിയാൾ നടത്തിയ അന്വേഷണത്തിൽ മേൽപ്പടി കേസ് സംബന്ധമായ യാതൊരു റിപ്പോർട്ടും എതിർകക്ഷി കാട്ടാക്കട കോടതിയിൽ ഹാജരാക്കിയിട്ടില്ല എന്നാണ് അറിയുന്നത് എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. മാറനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.342/14 കേസ്സിന്റെ ഫൈനൽ റിപ്പോർട്ട്, കൃത്യസ്ഥല മഹസർ എന്നിവയുടെ പകർപ്പ് നൽകണമെന്നും

ii. മേൽപ്പടി കേസിന് ആസ്പദമായ കൃത്യത്തിൽ ഉൾപ്പെട്ട കെ.എൽ.-20ഡി/5067-ാം മോട്ടോർ സൈക്കിൾ കൃത്യസമയം ഓടിച്ചിരുന്ന ആളിന്റെ പേരും, വിലാസവും, മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് വിവരങ്ങളും നൽകണമെന്നും

iii. മേൽപ്പടി മോട്ടോർ സൈക്കിളിന്റെ ഓണറുടെ മേൽവിലാസവും പോളിസി ഡീറ്റെയിൽസും നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മാറനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 342/14 നമ്പർ കേസ് ജെ.എഫ്.എം.സി. കാട്ടാക്കടയുടെ പരിഗണനയിലായതിനാൽ മേൽപ്പടി കേസ്സിന്റെ വിവരങ്ങൾ നൽകാനാവില്ല എന്നാണ്.

3. നിലവിലെ എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ക്രൈം 342/14-ന്റെ സി.ഡി. ഫയൽ പരിശോധിച്ചതിൽ കേസിന് ആസ്പദമായ അപകടം നടന്നത് 11.4.2014-ലാണെന്നും മേൽപ്പടി സംഭവം സംബന്ധിച്ച് 23.4.2014 തീയതി മാറനല്ലൂർ പോലീസ് സ്റ്റേഷനിൽ മോട്ടാർ ഒക്ക്യുറൻസ് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 8.7.2014 തീയതി ഫൈനൽ റിപ്പോർട്ട് തയ്യാറാക്കി കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണെന്നും തുടർന്ന് ഹർജിക്കാരിയുടെ അപ്പീൽ പ്രകാരം മേൽപ്പടി കേസിന്മേൽ പുനരന്വേഷണം നടത്തുന്നതിന് ഉത്തരവായി എന്നും തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. മേൽപ്പടി കേസ്സിന്റെ അന്വേഷണം നടത്തി എന്നും ആയതു പ്രകാരം നടത്തിയ അന്വേഷണത്തിൽ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 279, 337 പ്രകാരമുള്ള കുറ്റമാണ് നടന്നിട്ടുള്ളതെന്നും മേൽപ്പടി കേസിലെ പ്രതി പരാതി കക്ഷിയായ അഖിലയാണെന്ന് വെളിവായതിനാൽ ടിയാളെ പ്രതി ചേർത്ത് 25.1.2016 തീയതി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണെന്നും ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അന്നു നൽകാൻ കഴിയാതിരുന്നത് ഈ അവസരത്തിൽ ടിയാളുടെ മേൽവിലാസത്തിലേക്ക് സൗജന്യമായി അയച്ചു കൊടുത്തിട്ടുള്ളതാണെന്നും മറ്റുമാണ്.

4. മേൽപ്പടി റിപ്പോർട്ടിൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)
us